Committee would be undertaking various items of development work from time to time. Some of the important items of such work taken on hand by the Committee are contained in the statement placed on the Council Table.

BLOOD TRANSFUSION-OFFICER

316. മിസ്റ്റർ എം.കെ.വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരു ബ്ലഡ്ട്രാൻസ്ഫ്യൂഷൻ ഓഫീസറെ നിയമിച്ചുതെന്നാണു്;

(ബി) ആ ഓഫീസറുടെ ശമ്പളമെന്തായിരുന്നു;

(സി) ആ ഉദ്യോഗസ്ഥനെ കൽക്കട്ടായിലേക്കു് അയച്ചു ട്രയിനിങ്ങു് കഴിച്ചതിനു് എത്ര ചിലവായി;

(ഡി) ഇപ്പോൾ സർവീസിൽ ഇങ്ങനെ ഒരു ഉദ്യോഗമുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തു കാരണത്താൽ എന്നു നിർത്തലാക്കി;

(എഫ്) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ട്രയിനിങ്ങു് കഴിച്ചുവന്ന ആ ഉദ്യോഗസ്ഥന്റെ ഇപ്പോഴത്തെ ജോലി എന്താണു്;

(ജി) ട്രയാന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്?

Mr. C. J. Mathew *(Secretary to Government):*

(എ) ൧൯൪൫ ചിങ്ങം ൧-ാംനു-

(ബി) ൧൯൪൫—൪—൧൯൪൬ ൦+ Rs. ൪൦ Duty allowance

(സി) ഒന്നും ചിലവായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇങ്ങനെ ഒരു പ്രത്യേക ഉദ്യോഗം ആവശ്യമില്ലാത്തതിനാൽ ൧൯൪൫ ചിങ്ങം ൧-ാംനു- മുതൽ നിർത്തൽ ചെയ്തു.

(എഫ്) അസിസ്റ്റാന്റ് ലാബറട്ടറി സ്പെഷ്യലിസ്റ്റ് or (Assistant to the Laboratory Specialist) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വേണ്ടിവരുന്ന അവസരങ്ങളിൽ ആ ജോലിയും അദ്ദേഹം നടത്തുന്നുണ്ടു്.

(ജി) 60—4—120 + Rs. 50 Duty allowance

മിസ്റ്റർ എം. കെ. വർഗ്ഗീസു്: ബ്ലഡ്ട്രാൻസ്ഫ്യൂഷൻ ആപ്പീസ്സറായിരുന്ന ആൾ തന്നെയാണൊ ഇപ്പോഴത്തെ അസിസ്റ്റാണ്ടു ലാബറട്ടറി സ്പെഷ്യലിസ്റ്റ്?

മിസ്റ്റർ സി. ജെ. മാത്യു: അതെ.

മിസ്റ്റർ എം. കെ. വർഗ്ഗീസു്: ഇപ്പോൾ രണ്ടു ജോലിയും അദ്ദേഹം തന്നെയാണൊ ചെയ്യുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഉദ്യോഗം മറ്റു രാജ്യങ്ങളിലുണ്ടൊ?

മിസ്റ്റർ സി. ജെ. മാത്യു: മദിരാശിയിലുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മറ്റു നാട്ടുരാജ്യങ്ങളിലുണ്ടൊ?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: മറ്റു രാജ്യങ്ങളിൽ ഇല്ലാത്തതുകൊണ്ടു് ഇവിടേയും ആവശ്യമില്ല എന്നുവെച്ചു് വേണ്ടെന്നു വെച്ചതാണൊ?

മിസ്റ്റർ സി. ജെ. മാത്യു: അതു നടത്തുന്നതു് നഷ്ടമാണെന്നു തോന്നിയതുകൊണ്ടു് വേണ്ടെന്നുവെച്ചു.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ഒരു കൊല്ലം ജോലിയൊന്നുമുണ്ടായിരുന്നില്ലേ?

മിസ്റ്റർ സി. ജെ മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എപ്പോഴാണു് ബ്ലഡ്ട്രാൻസ്ഫ്യൂഷന്നു ആവശ്യം വരുന്നതെന്നറിയാമോ?

മിസ്റ്റർ സി. ജെ. മാത്യു: ഒരു കൊല്ലത്തിന്നിടക്കു് അങ്ങിനെയുള്ള ൧൦ കേസുകളേ വന്നിട്ടുള്ളു. ബ്ലഡ്ട്രാൻസ്ഫ്യൂഷന്നു ആവശ്യം വരുകയാണെങ്കിൽ അതു ചെയ്യുന്നതിന്നു അദ്ദേഹത്തിന്നു ൫൦ ക. അലവൻസ് കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്ലഡ്ട്രാൻസ്ഫ്യൂഷനു ആളുണ്ടെന്നു നാട്ടുകാർ അറിഞ്ഞു വരുന്നതിനുമുമ്പു് അതു നിറുത്തിക്കളഞ്ഞതു ശരിയാണെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അതിനു് ഒരു ഫൂൾപ്രൂഫ് ആപ്പ്ലിസക്ക് സ്കോപ്പില്ലാത്തതുകൊണ്ടാണു നിറുത്തിയതു്. ഏതെങ്കിലും ബ്ലഡ്ട്രാൻസ് ഫ്യൂഷൻ കേസുവെന്നാൽ അതു് അയാൾ തന്നെ ചെയ്യും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു മുന്നുകൊല്ലത്തേക്കെങ്കിലും ഈ ആപ്പ്ലിസ്സിനെ നിയമിക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു: ഒരു കൊല്ലത്തേക്കു നിയമിച്ചുനോക്കി. ഫൈ കേസുകളേ അതിനിടക്കു വന്നുള്ളു. അതുകൊണ്ടു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ആളുടെ ക്വാളിഫിക്കേഷൻ എന്താണു്.

മിസ്റ്റർ സി. ജെ. മാത്യു: എം. ബി. ബി. എസ്സ്. ആണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇദ്ദേഹത്തിനു ഇപ്പോഴത്തെ ശമ്പളമെന്താണു്?

മിസ്റ്റർ സി. ജെ. മാത്യു: നൂ൦ മുതൽ ഫൈ ൪ക. വരെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫൈ ൪—൨൦൦ക. ശമ്പളത്തിൽ നിയമിച്ചിരുന്ന ആളെ നൂ൦—ഫൈ ൪ക. ശമ്പളത്തിലാക്കി ചെറുതാക്കുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ സി. ജെ. മാത്യു: ചെറുതാക്കുകയല്ല ചെയ്തതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്ലഡ്ട്രാൻസ്ഫ്യൂഷനു യോഗ്യതയുള്ള ആരെങ്കിലും ലാബറട്ടറി ട്രെയിനിംഗ് ഉണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വു്.

മിസ്റ്റർ കെ എസ്സ്. പണിക്കർ. ഫൈ ൪—൨൦൦ക. ശമ്പളത്തിൽ ഇരുന്നിരുന്ന ആളെ നൂ൦—ഫൈ ൪ക. ശമ്പളത്തിലേക്കു മാറ്റി ഫൈ ൪—൨൦൦ക. ശമ്പളത്തിൽ ചെയ്തിരുന്ന ജോലിയും ചെയ്യണമെന്നു പറയുന്നതിനുള്ള കാരണമെന്താണു്.

മിസ്റ്റർ സി. ജെ. മാത്യു: ഫൈ ൪—൨൦൦ക. ശമ്പളത്തിൽ ചെയ്തിരുന്ന ജോലിക്കു ഫുൾടൈമിൽ ഒരാളെ ആവശ്യമില്ലാത്തതുകൊണ്ടാണു് നൂ൦—ഫൈ ൪ക. ശമ്പളത്തിലേക്കു മാറ്റിയതു്. ബ്ലഡ്ട്രാൻസ് ഫ്യൂഷൻ ജോലിവന്നാൽ ചെയ്യുന്നതിനു അയാൾക്കു ൫൦ക. അലവൻസും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ആൾക്കൊ തസ്തികക്കൊ ശമ്പളം?

മിസ്റ്റർ സി. ജെ. മാത്യു: തസ്തികക്കാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവൺമെൻറ് പ്രമോഷൻ കൊടുക്കുന്നതു് കീഴ്പോട്ടാണോ?

മിസ്റ്റർ സി. ജെ. മാത്യു: കീഴ്പോട്ടല്ല.

Mr. Paramel Ipe Ipe *(Kunnamkulam):* Is there any M.B.B.S. working in the Sub-Assistant Surgeon's grade ?

Mr. C. J. Mathew *(Secretary to Governmemt):* Oh. Yes. Generally they are taken as sub-assistant surgeons and then promoted.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എം. ബി., ബി. എസ്സ്. പാസ്സായതിനു ശേഷം ഈ സ്പെഷ്യൽ ട്രെയിനിംഗുള്ളതുകൊണ്ടാണോ ഈ ആൾക്കു് അസിസ്റ്റൻറ് സർജൻറെ ജോലി കൊടുക്കാത്തതു്?

മിസ്റ്റർ സി. ജെ. മാത്യു: ബ്ലഡ്ട്രാൻസഫ്യൂഷൻ ആപ്പ്ലിസറായി വെക്കുന്നതിനു മുമ്പു് അദ്ദേഹം ഓണററി ഡാക്ടർ ആയിരുന്നു. ഈ തസ്തിക വേണ്ടെന്നുവെച്ചപ്പോൾ അദ്ദേഹത്തെ ഓണററിയായിട്ടു അയക്കുന്നതിനു പകരം ഗവൺമെണ്ടിൻറെ ദയവുകൊണ്ടു ലാബറട്ടറി സ്പെഷ്യലിസ്റ്റായി നിയമിക്കയാണു് ചെയ്തതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ സ്കോപ്പുണ്ടൊ എന്നു നോക്കുവാൻ അദ്ദേഹത്തെ കുറച്ചു കാലത്തേക്കുകൂടി നിയമിക്കുവാൻ എന്താണു വിരോധം?

മിസ്റ്റർ സി. ജെ. മാത്യു: ഒരു കൊല്ലത്തേക്കുതന്നെ നിയമിച്ചതു അധികമാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Paramel Ipe Ipe *(Kunnamkulam):* When he was appointed as Blood Transfusion Officer; Was he appointed in the Sub-Assistant Surgeon's grade or Assistant Surgeon's grade?

Mr. C. J. Mathew *(Secretary to Government):* As Blood Transfusion Officer he was appointed in the Assistant Surgeon's grade.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നു പറഞ്ഞതനുസരിച്ചല്ലെ ബ്ലഡ് ട്രാൻസ്ഫ്യൂഷനു ഇവിടെ ആളെ നിയമിച്ചതു്?

മിസ്റ്റർ സി. ജെ. മാത്യു: യുദ്ധകാലത്തു ഇതിനാവശ്യമുണ്ടാകുമെന്നു വിചാരിച്ചു ഈ ഏർപ്പാടു് ഇവിടെ നടത്തുവാൻ ഇൻഡ്യാഗവർമ്മെണ്ടു ആവശ്യപ്പെട്ടിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് കൊച്ചിരാജ്യത്തെ സംബന്ധിച്ചേടത്തോളം മാത്രമോ അതോ മറ്റനാട്ടരാജ്യങ്ങൾക്കും ബാധകമാകുന്ന വിധത്തിലൊ ഇൻഡ്യാഗവൺമെണ്ടു് ആവശ്യപ്പെട്ടതു്?

മിസ്റ്റർ സി. ജെ. മാത്യു: യുദ്ധമുള്ള എല്ലാ സ്ഥലത്തും വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്. യുദ്ധത്തിനുമുമ്പു് ഇൻഡ്യാ ഗവൺമെണ്ടു് ഈ ഏർപ്പാടു തുടങ്ങുന്നതിനു് ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: യുദ്ധത്തിനു മുമ്പു് ഇതിന്റെ ആവശ്യമില്ല. എന്നാലും അത്യാവശ്യം യുദ്ധകാലത്താണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: യുദ്ധംകൂടാതെ മറ്റു തരത്തിൽ മുറിവുകൾ പറ്റിയാൽ എന്തു ചെയ്യും?

മിസ്റ്റർ സി. ജെ. മാത്യു: ഏതെങ്കിലും കേസ്സു അങ്ങിനെ വന്നാൽ അതിനു ഡിപ്പാർട്ടുമെണ്ടിൽ ആളുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തൃശ്ശിവപേരൂരിൽ ഇതു തുടങ്ങുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ബ്ലഡ് ആവശ്യമുണ്ടാകുമെന്നു കരുതി ശേഖരിച്ചുവെക്കുകയാണൊ ചെയ്യുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: ആവശ്യമുള്ളപ്പോൾ ഒരാളുടെ രക്തമെടുത്തു മറെറ ആൾക്കു് കുത്തിവെക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ഇവിടെനിന്നു പോകയാണെങ്കിൽ ഇതിന്റെ ആവശ്യം വന്നാൽ എന്തു ചെയ്യും?

മിസ്റ്റർ സി. ജെ. മാത്യു: അദ്ദേഹം പോകയാണെങ്കിൽ ആ കാര്യം അപ്പോൾ ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മൻക്കുട്ടി കണ്ടു പ്രവൃത്തിക്കുന്ന ഏർപ്പാടു നമ്മുടെ ഗവൺമെണ്ടിനു ഇല്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: ആവശ്യമുള്ളപ്പോൾ വേണ്ടതു ഗവൺമെണ്ടു ചെയ്യും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ ജീവതം ശാശ്വതമാണെന്നു പറയാമോ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കേസ്സു് ആകെ എത്ര വന്നിട്ടുണ്ടു്.

Mr. C. J. Mathew *(Secretary to Government):* Within one year there were only 12 cases.

മിസ്റ്റർ പി. കെ. ഡിവർ: വാർഡൈം ആയതിന്റെ എത്ര ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കേസുകൾ ഉണ്ടായിട്ടുണ്ടു്?

മിസ്റ്റർ സി. ജെ. മാത്യു: അഞ്ചൊ ആറൊ ഉണ്ടായിട്ടുള്ളു.

NURSES AND MARRIAGE

317. മിസ്റ്റർ പി. കെ. ഡിവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നർസുമാക്കു വിവാഹം ചെയ്യുവാൻ അനുവാദം നൽകുന്നതിനു കഴിഞ്ഞ നിയമസഭ സ്വീകരിച്ച പ്രമേയം അംഗീകരിച്ചുതെന്നായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly